തുടങ്ങാത്ത വർക്കുകൾ

1. കിണർ മുക്ക് - വെട്ടികുളങ്ങര റോഡ് മുതുകുളം പഞ്ചായത്ത് (97-98)
2. ഏവൂർക്ഷേത്രം മുതൽ റയിൽവെ ക്രോസ്വരെയുള്ള തോടിന്റെ സൈഡ് വാൾ (1997-1998)
3. മുത്തിനിതാഴെ സ്ലൂയിസ്-കം-കൾവർട്ട് നിർമ്മാണം-കൃഷ്ണപുരം പഞ്ചായത്ത് (1998-1999).

എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്)

38 (1946) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്) തസ്തിക റിസർച്ച് അസിസ്റ്റന്റ് ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടിക്ക് ഗ്രാമവികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തടസ്സം നില്ക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അപ്ഗ്രേഡ് ചെയ്യുന്ന നടപടി എന്നത്തേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ചതിനുശേഷം മാത്രമേ പോസ്റ്റുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉള്ള നടപടികൾ പൂർത്തീകരിക്കുവാൻ നിർവാഹമുള്ളൂ.

വായ്പയുടെ ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾ

39 (1947) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 1998-1999-ൽ ഓരോ ബാങ്കിനും നിശ്ചയിച്ചിട്ടുള്ള വായ്പയുടെ ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത വർഷത്തിൽ ഓരോ ബാങ്കിലും നിശ്ചയിച്ച ടാർജറ്റും അവർ നൽകിയ ബാങ്ക് വായ്പയും എത്രയാണെന്ന് വിശദീകരിക്കുമോ ;

(സി) ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾക്ക് ടാർജറ്റ് അനുസരിച്ചുള്ള ബാങ്ക് വായ്പ നൽകുന്നതിന് കർശനമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 1998-1999-ൽ ഓരോ ബാങ്കിനും നിശ്ചയിച്ചിട്ടുള്ള വായ്പയുടെ ടാർജറ്റ് പൂർണ്ണമായും പൂർത്തിയാക്കാത്ത ബാങ്കുകളുടെ പേരുവിവരം താഴെ ചേർക്കുന്നു :

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ.
2. കാനറാ ബാങ്ക്
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
4. ഇൻഡ്യൻ ഓവർസീസ് ബാങ്ക്
5. ഇൻഡ്യൻ ബാങ്ക്
6. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
7. ബാങ്ക് ഓഫ് ഇൻഡ്യ
8. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ
9. കോർപ്പറേഷൻ ബാങ്ക്
10. പഞ്ചാബ് നാഷണൽ ബാങ്ക്
11. സിൻഡിക്കേറ്റ് ബാങ്ക്
12. യൂക്കോ ബാങ്ക്
13. വിജയാ ബാങ്ക്
14. ബാങ്ക് ഓഫ് ബറോഡ
15. കാത്തലിക് സിറിയൻ ബാങ്ക്
16. ധനലക്ഷ്മി ബാങ്ക്
17. ഫെഡറൽ ബാങ്ക്
18. ലോർഡ് കൃഷ്ണാ ബാങ്ക്
19. നെടുങ്ങാടി ബാങ്ക്
20. സൗത്ത് ഇൻഡ്യൻ ബാങ്ക്
21. വൈശ്യ ബാങ്ക്
22. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്
23. നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്

(ബി) പ്രസ്തുത വർഷത്തിൽ ഓരോ ബാങ്കിനും നിശ്ചയിച്ച ടാർജറ്റും അവർ നൽകിയ ബാങ്ക് വായ്പയും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കൊല്ലത്തെ ക്രെഡിറ്റ് ടാർജറ്റ് പൂർത്തീകരിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ഗ്രാമീണ റോഡുകൾക്ക് നബാർഡ് സഹായം

40 (1948) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 വർഷത്തിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനു നബാർഡിൽ നിന്നും എന്തു തുകയാണു കിട്ടിയിട്ടുള്ളത് ;

(ബി) ഈ തുകയിൽ ഓരോ ജില്ലയ്ക്കും എത്ര വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് അനുവദിച്ച റോഡുകളുടെ പുനരുദ്ധാരണ പണികൾ ആരംഭിച്ചിട്ടുള്ളതായി അറിയുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നു വെളിപ്പെടുത്താമോ ;

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും എന്തു തുകയാണ് ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുള്ളത് ;

(എഫ്) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതെത്രയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി & ഡി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും ഈ പദ്ധതിക്കായി 25 കോടി രൂപ ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(എഫ്) ബാധകമല്ല.

സർക്കാർ പ്രസ്സുകൾ

41 (1949) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഗവൺമെന്റ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട് ;

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly